# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 344

27-09-2011-ൽ മറുപടിക്ക്

### വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിലെ അപകടമരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം അപകടങ്ങളുടെ കാരണമെന്താണെന്നുള്ളതിന്റെ അന്വേഷണം നിഷ്പക്ഷമായ രീതിയിൽ നടത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) | അപകടങ്ങൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ നിഷ്പക്ഷവും സ്വതന്ത്രവുമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നിയമ നടപടികൾ എടുക്കുന്നതിനുള്ള സ്ഥിര സംവിധാനം ഇപ്പോൾ നിലവിലുണ്ട്. കൂടാതെ വൈദ്യുതി ജോലികളിലെ അപകട സാധ്യത കുറയ്ക്കുന്നതിനും കൂടുതൽ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനും വേണ്ടി Deputy Chief Engineer, Rank ലുള്ള സേഫ്റ്റി കമ്മീഷണർ ആഫീസ് സംസ്ഥാന തലത്തിലും Executive Engineer-ന്റെ റാങ്കിൽ മേഖലാടിസ്ഥാനത്തിലും Asst. Exe. Engineer Rankൽ സബ് ഡിവിഷൻതലത്തിലും ഉള്ള ഒരു സ്ഥിരം സംവിധാനം Board-ൽ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഇപ്രകാരം അപകടത്തിൽപ്പെട്ട് മരിക്കുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത് എന്ന് വ്യക്തമാക്കുമോ ? | (സി) | വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും അറ്റകുറ്റപണികൾക്കിടെ അപകടത്തിൽപ്പെട്ട് മരിക്കുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും നല്കുന്ന നഷ്ടപരിഹാരം ചുവടെ ചേർക്കുന്നു.<br>ബോർഡ് ജീവനക്കാർ :-<br>വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും അറ്റകുറ്റപണികൾക്കിടെ അപകട മരണം സംഭവിക്കുന്ന സ്ഥിരം ജീവനക്കാർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് വയസ്സ് |

ഘടകത്തിന് ആനുപാതികമായ നഷ്ടപരിഹാരം 397480 രൂപ മുതൽ 914160 രൂപവരെ ലഭിക്കുവാൻ അർഹതയുണ്ട്. കൂടാതെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 8 ലക്ഷം രൂപ, വൈദ്യുതി ബോർഡിന്റെ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ വീതം ലഭിക്കുന്നതിനും, ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ആശ്രിത നിയമനത്തിനും അർഹതയുണ്ട്. ജോലിക്കിടെ ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡിൽ നിന്നും ലഭിക്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വയസ്സ് ഘടകത്തിന് ആനുപാതികമായ അവശതാ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. കൂടാതെ അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നല്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധ മാസികാ വേതനത്തിനും 2011-ലെ വൈദ്യുതി ബോർഡ് ദീർഘകാല കരാർ അനുസരിച്ച് പൂർണ്ണമായ ചികിത്സാ ചെലവിനും അർഹതയുണ്ട്.

## കരാർ തൊഴിലാളികൾ

വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ നിന്നും ജോലിക്കിടെ അപകടം സംഭവിക്കുന്ന 3ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാർ തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് ബോർഡിൽ നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായും താഴെ പറയുന്ന സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

1. വയസ്സ് ഘടകത്തിന് ആനുപാതികമായ നഷ്ടപരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപവരെ) .
2. സ്ഥിരവും സ്ഥായിയുമായ അപകടമുണ്ടായാൽ ജില്ലാ മെഡിക്കൽ ബോർഡിൽ നിന്നും ലഭിക്കുന്ന അംഗവൈകല്യത്തിന്റെ ശതമാനം

തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വയസ്സ് ഘടകത്തിന് ആനുപാതികമായ അവശതാ നഷ്ടപരിഹാരം.

3. അപകടം സംഭവിക്കുന്ന തൊഴിലാളിക്ക് ചികിത്സയ്ക്കും വിശ്രമത്തിനും ശുപാർശ ചെയ്തുകൊണ്ട് ഡോക്ടർ നല്കുന്ന സർട്ടിഫിക്കറ്റിന്റെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അർദ്ധ മാസികാ വേതനത്തിനും അർഹതയുണ്ട്.

3 ലക്ഷത്തിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളിക്ക് ജോലിക്കിടെ അപകടം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നല്കുന്നതിനുള്ള ഉത്തരവാദിത്തം പൂർണ്ണമായും കരാറുകാരനാണ്.

സെക്ഷൻ ഓഫീസർ